ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 12.12.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. ജോർദാൻ, എത്യോപിയ, ഒമാൻ എന്നീ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ സന്ദർശനത്തിന് തിങ്കളാഴ്ച തുടക്കമാകും.

   **Prime Minister Narendra Modi will embark on a four day visit to Jordan, Ethiopia, and Oman from the 15th of this month.**

2. മണിപ്പൂരിൻറെ സമഗ്ര വികസനത്തിനും ജനങ്ങളുടെ ശാക്തീകരണത്തിനും കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Droupadi Murmu said that the Union Government is committed to the overall development of Manipur and the empowerment of its people.**

3. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിനുള്ള സമയപരിധി 5 സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണപ്രദേശത്തും പുനർനിശ്ചയിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **Election Commission extends deadlines for Special Intensive Revision in five states and one Union Territory.**

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ മികച്ച പോളിംഗ്; രണ്ട് ഘട്ടങ്ങളിലേക്കുള്ള വോട്ടെണ്ണൽ നാളെ.

   **In Kerala, heavy polling in the second phase of the local body elections. The counting of votes for both phases will take place tomorrow.**

5. 30-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരിതെളിയും; പലസ്തീൻ-36 ഉദ്ഘാടന ചിത്രം.

   **The 30th International Film Festival of Kerala (IFFK) will begin in Thiruvananthapuram today with the opening film 'Palestine 36'.**

6. ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി-20 പരമ്പരയിലെ രണ്ടാമത്തെ മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്ക് 51 റൺസ് ജയം

   **In the second match of the India–South Africa twenty-20 series, South Africa won by 51 runs.**

☸☸☸☸☸☸☸☸☸☸☸☸☸

## PM - THREE NATION TOUR

ജോർദാൻ, എത്യോപിയ, ഒമാൻ എന്നീ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ സന്ദർശനത്തിന് തിങ്കളാഴ്ച തുടക്കമാകും. സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ ജോർദാനിൽ എത്തുന്ന അദ്ദേഹം അബ്ദുള്ള രണ്ടാമൻ രാജാവുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യ - ജോർദാൻ ബന്ധത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനെ കുറിച്ചും ചർച്ച ചെയ്യും. ഡിസംബർ 16 ന് ആദ്യമായി എത്യോപ്യയിൽ എത്തുന്ന ശ്രീ നരേന്ദ്ര മോദി വിവിധ ഉഭയകക്ഷി ചർച്ചകളിലും പങ്കെടുക്കും. ഏകദിന എത്യോപ്യ സന്ദർശനം

പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 17 ന് ഒമാനിലെത്തും.

## Droupadi Murmu (intro)

മണിപ്പൂരിൻറെ സമഗ്ര വികസനത്തിനും ജനങ്ങളുടെ ശാക്തീകരണത്തിനും കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഇന്നലെ ഇംഫാലിൽ 1,387 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു രാഷ്ട്രപതി. സമീപകാല അക്രമങ്ങളെ തുടർന്ന് മണിപ്പൂരിലെ ജനങ്ങൾ അനുഭവിച്ച ദുരിതങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച ശ്രീമതി മുർമു, ആശങ്കകൾ പരിഹരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ മുൻഗണനയായി തുടരുമെന്നും ഉറപ്പ് നൽകി.

(വോയിസ് )

## SIR REVISED STATEMENT

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിനുള്ള സമയപരിധി 6 ഇടങ്ങളിൽ പുനർനിശ്ചയിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പുതുക്കിയ സമയക്രമ പ്രകാരം, തമിഴ്നാടും ഗുജറാത്തും ഈ മാസം 14-നകം പ്രവർത്തനം പൂർത്തിയാക്കണം. മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ഈ മാസം 18 വരെയും ഉത്തർപ്രദേശിൽ ഡിസംബർ 26 വരെയുമാണ് നീട്ടിയത്. കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് രണ്ടാം ഘട്ട പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം നടക്കുന്നത്. കേരളത്തിന് ഈ മാസം 18 വരെ ഫോമുകൾ നൽകാവുന്നതാണ്.

## PARLIAMENT

ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തോടനുബന്ധിച്ചുള്ള ചർച്ചകൾ രാജ്യസഭയിൽ പൂർത്തിയായി. ദേശീയ ഗീതമായ വന്ദേ മാതരം രാഷ്ട്രത്തിൻറെ ആത്മാവിനെ ഉണർത്തുന്ന മന്ത്രമാണെന്ന് ചർച്ചയ്ക്ക് മറുപടി

നൽകിക്കൊണ്ട് കേന്ദ്ര മന്ത്രി ജെ.പി. നഡ്ഡ പറഞ്ഞു. തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങളെക്കുറിച്ചുള്ള ചർച്ചകളും രാജ്യസഭയിൽ നടന്നു. തിരഞ്ഞെടുപ്പ് കമ്മീഷൻറെ വിശ്വാസ്യത നഷ്ടപ്പെടുന്നത് ജനാധിപത്യ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുമെന്നും, വിശ്വാസ്യത വീണ്ടെടുക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ശ്രമിക്കണമെന്നും ചർച്ചക്ക് തുടക്കം കുറിച്ച് കോൺഗ്രസ് എം.പി. അജയ് മാക്കൻ പറഞ്ഞു. തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങൾക്ക് കോൺഗ്രസ് ഭരണകാലത്ത് വേണ്ടത്ര പരിഗണന നൽകിയിരുന്നില്ലെന്ന് ബി.ജെ.പി. നേതാവ് സുധാംശു ത്രിവേദി ചർച്ചയിൽ ആരോപിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

**MODI -TRUMP**

പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ടെലിഫോൺ സംഭാഷണം നടത്തി. ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതിയും പ്രാദേശിക, അന്തർദേശീയ വികസനങ്ങളും സംഭാഷണത്തിൽ ചർച്ചയായതായി പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

**L Murugan (INTRO)**

സമസ്ത മേഖലകളിലും നാരിശക്തിയുടെ അഭൂതപൂർവമായ വളർച്ചയ്ക്ക് ഇന്ത്യ സാക്ഷ്യം വഹിക്കുകയാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ . സ്ത്രീകളുടെയും ദിവ്യാംഗരുടെയും ശാക്തീകരണത്തെക്കുറിച്ച് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

**PM-NDA SPECIAL DINNER**

എല്ലാ എൻഡിഎ എംപിമാർക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ഔദ്യോഗിക വസതിയിൽ ഇന്നലെ അത്താഴവിരുന്നൊരുക്കി. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പ് വിജയത്തിന് ശേഷം നടക്കുന്ന എൻഡിഎ എംപിമാരുടെ ആദ്യ ഒത്തുചേരലാണ്

ഇത്. രാജ്യവികസനത്തിൽ എൻഡിഎ സഖ്യകക്ഷികൾ ഒരുമിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## INDIA- LIBERIA MOU

മരുന്നുകളുടെ ഗുണനിലവാരത്തിനും പരിശോധനയ്ക്കും പൊതുവായ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള ധാരണാപത്രത്തിൽ ഇന്ത്യയും ലൈബീരിയയും ഒപ്പുവച്ചു. ലൈബീരിയയിലെ ഇന്ത്യൻ അംബാസഡർ മനോജ് ബിഹാരി വർമ്മയുടെയും ലൈബീരിൻ ആരോഗ്യ മന്ത്രിയുടെയും സാന്നിധ്യത്തിലാണ് കരാർ ഒപ്പിട്ടത്.

☸☸☸☸☸☸☸☸☸☸☸☸☸

## AUSTRIA-HEADSCARVES BAN

14 വയസ്സിന് താഴെയുള്ള പെൺകുട്ടികൾക്കുള്ള സ്കൂളുകളിൽ ശിരോവസ്ത്രം നിരോധിക്കുന്ന നിയമം ഓസ്ട്രിയ പാസാക്കി. പൊതു,സ്വകാര്യ സ്കൂളുകളിലെ പെൺകുട്ടികൾക്കും നിരോധനം ബാധകമായിരിക്കും. നിയമലംഘനം ഉണ്ടായാൽ മാതാപിതാക്കൾക്ക് 150 മുതൽ 800 യൂറോ വരെ പിഴ ഈടാക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## LSG POLL

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ മികച്ച പോളിംഗ്. തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലേക്ക് ഇന്നലെ നടന്ന തിരഞ്ഞെടുപ്പിൽ 76.08 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. രണ്ട് ഘട്ടങ്ങളിലായി നടന്ന തിരഞ്ഞെടുപ്പിൽ 14 ജില്ലകളിലെ ആകെ പോളിങ്ങ് ശതമാനം 73.69 ആണ്. നാളെയാണ് വോട്ടെണ്ണൽ. സംസ്ഥാനത്തെ 244 കേന്ദ്രങ്ങളിൽ രാവിലെ 8 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## CAMPAIGNING

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും ഉപയോഗിച്ച പ്രചാരണ സാമഗ്രികൾ നീക്കം ചെയ്യണമെന്ന്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. റോഡിലും പൊതുസ്ഥലങ്ങളിലുമുള്ള പ്രചരണബോർഡുകൾ, ബാനറുകൾ എന്നിവ ഉടൻ നീക്കം ചെയ്യാൻ സ്ഥാനാർത്ഥികളും രാഷ്ട്രീയപാർട്ടികളും മുൻകൈയെടുക്കണമെന്നും കമ്മീഷൻ അറിയിച്ചു.

## SWEARING

തദ്ദേശസ്ഥാപനങ്ങളിലേക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ഈ മാസം 21 ന് മുൻപ് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകി. സത്യപ്രതിജ്ഞയ്ക്കുശേഷം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആദ്യ യോഗം ചേരും.

## Ratan U Kelkar

കേരളത്തിൽ ഇന്നലെ വൈകിട്ട് വരെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ടുകോടി 75 ലക്ഷത്തി 99,466 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ.യു. കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 99. 10 ശതമാനമാണെന്നും അദ്ദേഹം അറിയിച്ചു.

## Iffk (INTRO)

30 -ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരിതെളിയും. വൈകിട്ട് ആറു മണിക്ക് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിലാണ് ഉദ്ഘാടന ചടങ്ങ്. പലസ്തീൻ - 36 ആണ് ഉദ്ഘാടന ചിത്രം.

**ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയ്സ്)**

## ACTRESS CASE

നടി ആക്ര മിക്കപ്പെട്ട കേസിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ആറ് പ്രതികളുടെ ശിക്ഷാവിധി ഇന്ന്. എറണാകുളം പ്രിൻസിപ്പൽ

സെഷൻസ് കോടതി ജഡ്ജി ഹണി എം. വർഗീസാണ് ശിക്ഷാ വിധി പ്രഖ്യാപിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## T20 IND vs SA

ഇന്ത്യക്കെതിരായ ട്വന്റി 20 പരമ്പരയിലെ രണ്ടാമത്തെ മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്ക് 51 റൺസ് ജയം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക നിശ്ചിത ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 213 റൺ നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യക്ക് 19.1 ഓവറിൽ 162 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. ഇരുടീമുകളും പരമ്പരയിൽ 1-1 എന്ന നിലയിലാണ്. പരമ്പരയിലെ മൂന്നാം മത്സരം മറ്റന്നാൾ ഹിമാചൽപ്രദേശിലെ ധരംശാലയിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET - U-19 ASIA CUP

ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ അണ്ടർ-19 ഏഷ്യാ കപ്പ് 2025 ഇന്ന് ദുബായിൽ ആരംഭിക്കും. ആയുഷ് മാത്രേ നയിക്കുന്ന ഇന്ത്യയും ആതിഥേയരായ യു എ ഇ യും തമ്മിലാണ് ഉദ്ഘാടന മത്സരം. ഇന്ത്യൻ സമയം രാവിലെ 10:30 ന് മത്സരം ആരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## V.R. Krishna Iyer Award

11-ാമത് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ പുരസ്കാരം സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസും മുൻ കേരള ഗവർണ്ണറുമായ ജസ്റ്റിസ് പി.സദാശിവത്തിന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മറ്റെന്നാൾ സമ്മാനിക്കും. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ കേരള ഹൈക്കോടതി ജഡ്ജിമാർ ഉൾപ്പടെയുള്ളവർ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## INDIGO COMPENSATION

ഈ മാസം 3, 4, 5 തീയതികളിൽ ഇൻഡിഗോ എയർലൈൻസിൻറെ പ്രവർത്തന തടസ്സം മൂലം ബുദ്ധിമുട്ട് നേരിട്ട ഉപഭോക്താക്കൾക്ക് കമ്പനി 10,000 രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചു. അടുത്ത 12 മാസത്തിനുള്ളിൽ ഇൻഡിഗോ വിമാനത്തിൽ യാത്ര ചെയ്യാവുന്ന

വൗച്ചറുകളുടെ രൂപത്തിലാണ് നഷ്ടപരിഹാരം വാഗ്ദാനം ചെയ്തിരിക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## CMFRI

സമുദ്ര ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ടുള്ള ആഴക്കടൽ ഉടമ്പടി സംബന്ധിച്ച ദേശീയ ശിൽപശാല കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ ഇന്ന് രാവിലെ നടക്കും. ബയോഡൈവേഴ്സിറ്റി ബിയോണ്ട് നാഷണൽ ജൂറിസ്ഡിക്ഷൻ ഉടമ്പടി ഇന്ത്യയിൽ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ ചർച്ച ചെയ്യുന്ന ശിൽപശാലയിൽ നയരൂപീകരണ വിദഗ്ധർ, സമുദ്രശാസ്ത്രജ്ഞർ, അന്താരാഷ്ട്ര പ്രതിനിധികൾ എന്നിവർ പങ്കെടുക്കും. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ നേതൃത്വത്തിലാണ് ശിൽപ്പശാല നടക്കുന്നത്.